അദ്ധ്യായം 86

# അത്ത്വാരിഖ്

അവതരണം മക്കയിൽ, സൂക്തങ്ങൾ 17

---

അദ്ധ്യായ പരിചയം

ജനങ്ങളെ ഏകദൈവവിശ്വാസത്തിലേക്ക് പ്രബോധനം ചെയ്തതിന്റെ പേരിൽ മക്കയിലെ ഖുറൈശികൾ പ്രവാചകൻ മുഹമ്മദി(സ)നെ ഏറെ പ്രയാസപ്പെടുത്തിക്കൊണ്ടിരുന്ന ഘട്ടത്തിലാണ് ഈ അദ്ധ്യായം അവതരിച്ചത്.

ഏകദൈവ വിശ്വാസം, പരലോകജീവിതം തുടങ്ങിയ വിഷയങ്ങളാണ് ഈ അദ്ധ്യായത്തിലെ പ്രധാന പ്രതിപാദ്യം. ഈ വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്താൻ മനുഷ്യ സൃഷ്ടിപ്പ് മുതൽക്കുള്ള ദൈവിക ദൃഷ്ടാന്തങ്ങളെ അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നു.

ഏകദൈവത്തിന്റെ ശക്തിമാഹാത്മ്യം ജനത്തെ ബോധ്യപ്പെടുത്താൻ ആകാശത്തിലെ നക്ഷത്രങ്ങളെയാണ് അവൻ ദൃഷ്ടാന്തമായി ഈ അധ്യായത്തിൽ ചൂണ്ടിക്കാണിച്ചത്. ഈ ദൃഷ്ടാന്തങ്ങളുടെ വെളിച്ചത്തിൽ അവരോട് പറയുന്നു: ഈ ജീവിതത്തിന് ശേഷം പരലോകത്ത് മറ്റൊരു ജീവിതം കൂടി വരാനുണ്ട്. അത് പ്രതിഫലലോകമാണ്. അതിനെ നിഷേധിക്കുന്നത് യുക്തിപൂർവകമല്ല. കാരണം, ഒരിക്കൽ ഇല്ലായ്മയിൽനിന്ന് മനുഷ്യസൃഷ്ടി നടത്തിയ സ്രഷ്ടാവിന് രണ്ടാമതൊന്നും കൂടി സൃഷ്ടി നടത്തുക പ്രയാസമുള്ള കാര്യമല്ല. അതിനാൽ ഈ നിഷേധനിലപാടിൽനിന്ന് നിങ്ങൾ സ്വയം പിന്മാറുക.

തുടർന്ന് പ്രവാചകനോട് പറയുന്നു: സത്യനിഷേധികളുടെ എതിർപ്പ് നീ ക്ഷമിക്കുക. അവർക്ക് കുറച്ച് അവധി നൽകുക. അവർക്ക് ചെയ്യാനുള്ളത് അവർ ചെയ്യട്ടെ. അതിന്റെ ഫലം അവർ അറിയാൻ പോകുന്നതേയുള്ളൂ.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

വസ്സമാഇ | وَالسَّمَآءِ

ആകാശം തന്നെയാണ് സത്യം

---

വത്ത്വാരിഖ് | وَالطَّارِقِ

രാത്രിയിൽ വരുന്നതാണ് സത്യം.

---

വമാ അദ്റാക | وَمَآ أَدْرَاكَ

നിനക്ക് എന്തറിയാം

---

മത്ത്വാരിക് | مَا الطَّارِقُ

രാത്രിയിൽ വരുന്നത് എന്തെന്ന്?

---

അന്നജ്മു | النَّجْمُ

നക്ഷത്രമാണത്

---

അഥ്ഥാഖിബ് | الثَّاقِبُ

തുളച്ചുകയറുന്ന

---

ഇൻ കുല്ലു നഫ്സിൻ | إِن كُلُّ نَفْسٍ

ഒരാത്മാവുമില്ല

---

| | |
|---|---|
| ലമ്മാ അലൈഹാ | لَّمَّا عَلَيْهَا |
| അതിനു മേൽ ഇല്ലാതെ | |
| ഹാഫിള് | حَافِظٌ |
| മേൽനോട്ടക്കാരൻ | |
| ഫലയൻളുർ | فَلْيَنظُرِ |
| എന്നാൽ ചിന്തിച്ചുനോക്കട്ടെ | |
| അൽ ഇൻസാനു | الْإِنسَانُ |
| മനുഷ്യൻ | |
| മിമ്മ | مِمَّ |
| എന്തിൽനിന്നാണ് | |
| ഖുലിക | خُلِقَ |
| അവൻ സൃഷ്ടിക്കപ്പെട്ടതെന്ന് | |
| ഖുലിഖ | خُلِقَ |
| അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് | |
| മിൻ മാഇൻ | مِن مَّاء |
| ദ്രാവകത്തിൽ നിന്നാണ് | |
| ദാഫിഖ് | دَافِقٍ |
| തെറിച്ചു വീഴുന്ന | |
| യഖ്റുജു | يَخْرُجُ |
| അത് പുറത്തുവരുന്നു | |
| മിൻ ബൈനി | مِن بَيْنِ |
| ഇടയിൽനിന്ന് | |
| അസ്സുൽബി | الصُّلْبِ |
| മുതുകെല്ലിന്റെയും | |
| വത്തറാഇബ് | وَالتَّرَائِبِ |
| നെഞ്ചെല്ലുകൾക്കുമിടയിൽനിന്ന് | |
| ഇന്നഹു | إِنَّهُ |

നിശ്ചയം അവൻ (ദൈവം)

| | |
|---|---|
| അലാ റജ്ഇഹി | عَلَىٰ رَجْعِهِ |
| അവനെ (മനുഷ്യനെ)തിരിച്ചുകൊണ്ടു വരാൻ | |
| ലഖാദിർ | لَقَادِرٌ |
| കഴിവുള്ളവനാകുന്നു | |
| യൗമ | يَوْمَ |
| ഒരു ദിനത്തിൽ | |
| തുബ്‌ല | تُبْلَى |
| പരിശോധിക്കപ്പെടുന്ന | |
| അസ്സറാഇർ | السَّرَائِرُ |
| രഹസ്യങ്ങൾ | |
| ഫമാ ലഹു | فَمَا لَهُ |
| അപ്പോൾ അവന് (മനുഷ്യന്) ഉണ്ടാവുകയില്ല | |
| മിൻ ഖുവ്വത്തിൻ | مِن قُوَّةٍ |
| ഒരു ശക്തിയും | |
| വലാ നാസ്വിർ | وَلَا نَاصِرٍ |
| ഒരു സഹായിയും (ഉണ്ടാവുകയില്ല) | |
| വസ്സമാഇ | وَالسَّمَاءِ |
| ആകാശമാണ് സത്യം | |
| ദാതിർറജ്ഇ | ذَاتِ الرَّجْعِ |
| ആവർത്തിച്ചു മഴ പെയ്യുന്ന | |
| വൽ അർദി | وَالْأَرْضِ |
| ഭൂമിയുമാണ് സത്യം | |
| ദാതിസ്സ്വദ്അ് | ذَاتِ الصَّدْعِ |
| സസ്യലതാദികൾ മുളപ്പിക്കുന്ന | |
| ഇന്നഹു | إِنَّهُ |
| നിശ്ചയം ഇത് | |

| | | |
|---|---|---|
| ലഖൗലുൻ | لَقَوْلٌ | ഒരു വാക്കാകുന്നു |
| ഫസ്‌ലുൻ | فَصْلٌ | നിർണായകമായ |
| വമാ ഹുവ | وَمَا هُوَ | അതല്ല |
| ഹസ്ൽ | بِالْهَزْلِ | തമാശ |
| ഇന്നഹും | إِنَّهُمْ | നിശ്ചയം അവർ |
| യകീദൂന | يَكِيدُونَ | തന്ത്രം പ്രയോഗിക്കും |
| കൈദാ | كَيْدًا | (വലിയ) തന്ത്രം |
| വഅകീദു | وَأَكِيدُ | ഞാനും തന്ത്രം പ്രയോഗിക്കും |
| കൈദാ | كَيْدًا | (വലിയ) തന്ത്രം |
| ഫമഹ്ഹിൽ | فَمَهِّلِ | നീ കാലതാമസം നൽകുക |
| അൽകാഫിരീന | الْكَافِرِينَ | സത്യനിഷേധികൾക്ക് |
| അംഹിൽഹും | أَمْهِلْهُمْ | അവർക്ക് കാലതാമസം നൽകുക |
| റുവൈദാ | رُوَيْدًا | അൽപ കാലം |

വചന വിശകലം:

---

وَالسَّمَآءِ وَالطَّارِقِ വസ്സമാഇ വത്ത്വാരിഖ്

ആകാശമാണ് സത്യം. രാത്രിയിൽ വരുന്നതുമാണ് സത്യം.

---

പ്രധാന്യമേറിയ ഒരു കാര്യം മനുഷ്യരെ ബോധ്യപ്പെടുത്തുകയാണിവിടെ. അതിനാണ് അവർക്ക് കാണാനും മനസ്സിലാക്കാനും സാധിക്കുന്ന സംഗതികളെ പിടിച്ചു സത്യം ചെയ്തു പറയുന്നത്. അതിൽ ഒന്നാമത്തേത് ആകാശമാണ്. രണ്ടാമത്തെ സംഗതി രാത്രിയിൽ ആകാശത്ത് പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങളാണ്. അവ രാത്രിയിൽ പ്രത്യക്ഷപ്പെടുകയും പകൽവേളകളിൽ അപ്രത്യക്ഷമാകുകയും ചെയ്യും. ഈ സ്വഭാവം കണക്കിലെടുത്താണ് അവക്ക് അത്ത്വാരിഖ് എന്ന് അറബിയിൽ പറയുന്നത്.

---

وَمَا أَدْرَاكَ مَا الطَّارِقُ വമാ അദ്റാകമത്ത്വാരിഖ്

രാത്രിയിൽ പ്രത്യക്ഷപ്പെടുന്നത് എന്നാൽ എന്തെന്ന് നിനക്കറിയുമോ?

---

പഠിപ്പിക്കാനുദ്ദേശിക്കുന്ന സംഗതിയുടെ പ്രാധാന്യവും മഹത്വവും സൂചിപ്പിക്കുകയാണ് ഈ ചോദ്യത്തിലൂടെ. ജിജ്ഞാസയുണ്ടാക്കാനാണ് സാധാരണ ഇങ്ങനെ ചോദിക്കാറുള്ളത്.

---

النَّجْمُ الثَّاقِبُ അന്നജ്മുഥാഖിബ്

തുളച്ചുകയറുന്ന നക്ഷമത്രെ അത്

---

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവ ഖുർആനിൽ പല സ്ഥലങ്ങളിലും ആവർത്തിച്ചു വന്നിട്ടുണ്ട്. ഇവിടെ ഒരു കാര്യം നല്ലതുപോലെ മനസ്സിലാക്കണം. നാം അധിവസിക്കുന്ന ഭൂമിയെ അപേക്ഷിച്ച് അവ വളരെ വലുതാണ്. എണ്ണിയാലൊടുങ്ങാത്ത അത്തരം നക്ഷത്രക്കൂട്ടങ്ങൾ തമ്മിൽ കൂട്ടിമുട്ടാതെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അവയുടെ ഉദയവും ചലനവും അസ്തമയവുമൊക്കെ ചിന്തിക്കുന്ന മനുഷ്യന് പാഠം ലഭിക്കത്തക്ക വിധമാണ് സംവിധാനിച്ചിട്ടുള്ളത്. സർവശക്തനായ ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തെയാണത് പ്രധാനമായും വിളംബരം ചെയ്യുന്നത്. ഈ വസ്തുത ജനത്തെ ബോധ്യപ്പെടുത്തുകയാണ് ഈ വിവരണത്തിലൂടെ ചെയ്യുന്നത്.

---

إِن كُلُّ نَفْسٍ لَّمَّا عَلَيْهَا حَافِظٌ ഇൻ കുല്ലു നഫ്സില്ലമ്മാ അലൈഹാ ഹാഫിള്

തന്റെ കാര്യത്തിൽ ഒരു മേൽനോട്ടക്കാരനുണ്ടായിട്ടല്ലാതെ ഒരാളുമില്ല

---

ഇവിടെയാണ് വിഷയത്തിന്റെ രണ്ടാം ഭാഗം. അതായത്, അകാശത്തിലെ സൂര്യ ചന്ദ്ര നക്ഷത്രങ്ങളെ പരിപാലിച്ചുകൊണ്ടിരിക്കുന്ന ഏകദൈവത്തിന്റെ മേൽനോട്ടത്തിലാണ് ഓരോ മനുഷ്യനും നിലകൊള്ളുന്നത്. അവർക്ക് ആവശ്യമായ ജീവിതവിഭവങ്ങൾ നൽകിയും വിപത്തുകളിൽനിന്ന് സംരക്ഷിച്ചും അവന്റെ എല്ലാ ആവശ്യങ്ങളും കണ്ടറിഞ്ഞു പൂർത്തീകരിച്ചു കൊടുത്തും അവൻ അവരെ സംരക്ഷിക്കുന്നു. എന്നാൽ തന്റെ സ്വാധികാരം ഉപയോഗപ്പെടുത്തി അവനെ മറികടക്കുവാനോ അവന്റെ നിരീക്ഷണത്തിൽനിന്ന് പുറത്തുപോകുവാനോ ആർക്കും സാധിക്കുകയില്ല. മനുഷ്യൻ എന്തു പ്രവർത്തിക്കുന്നു, ഏത് ജീവിതരീതിയാണവൻ കൈക്കൊണ്ടിട്ടുള്ളത് തുടങ്ങിയ ഓരോ കാര്യവും അവൻ സൂക്ഷ്മമായി ശ്രദ്ധിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യരെ എപ്പോൾ വേണമെങ്കിലും പിടികൂടാനും രണ്ടാമതും തന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടുവാനും അവൻ ശക്തനാണ്.

---

فَلْيَنظُرِ الْإِنسَانُ مِمَّ خُلِقَ ഫൽയൻളുരിൽ ഇൻസാനു മിമ്മ ഖുലിഖ്

താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ.

---

ആകാശലോകത്തെ സൃഷ്ടിച്ചു സംവിധാനിച്ചതിനെ പറ്റി മനുഷ്യനെ ബോധ്യപ്പെടുത്തിയ ശേഷം തന്റെ അസ്തിത്വത്തെക്കുറിച്ച് ആലോചിക്കുവാൻ അല്ലാഹു മനുഷ്യനോട് ആവശ്യപ്പെടുന്നു. ഒന്നുമല്ലാതിരുന്ന ഒരു ഘട്ടത്തിൽനിന്ന് തനിക്ക് ഉണ്മയും ജീവനും ഉണ്ടായത് എവിടെനിന്നാണെന്ന്, എങ്ങനെയാണെന്ന് ചിന്തിക്കാനുള്ള ആഹ്വാനമാണിത്.

---

خُلِقَ مِن مَّآءٍ دَافِقٍ ഖുലിഖ മിമ്മാഇൻ ദാഫിഖ്

തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്

---

പിതാവിന്റെ ബീജങ്ങളിലൊന്നിനെയും മാതാവിന്റെ അണ്ഡങ്ങളിൽ ഒന്നിനെയും തമ്മിൽ ആരാണ് സംയോജിപ്പിച്ചത്, അതിനെ ഒരു പ്രത്യേക സ്ഥാനത്ത് നിക്ഷേപിച്ചത് ആരാണ്, അതിന്റെ വളർച്ചക്ക് ആവശ്യമായ ഘടകങ്ങൾ ആരാണ് തയാർ ചെയ്തത്, ആരാണ് അതിൽനിന്ന് ഒരു കുഞ്ഞിനെ സംവിധാനിച്ചത്, ആരാണ് അതിന്റെ ശാരീരിക സംതുലിതത്വം ഉണ്ടാക്കിയത്, ആരാണതിന് ജീവനും മറ്റു കഴിവുകളും നൽകിയത്, അതിന്റെ വളർച്ചയുടെ ഘട്ടം ആരാണ് കണക്കാക്കിയത്, നിശ്ചിത ഘട്ടത്തിൽ ആരാണ് അതിനെ പുറത്തുകൊണ്ടുവന്നത് ഇത്തരം കൃത്യങ്ങളൊന്നും മനുഷ്യന്റെ കഴിവിൽ പെട്ടതോ അവന്റെ ചിന്തയിൽ ഉദിക്കുന്നതോ അല്ല. എന്നാൽ അതെപറ്റി ചിന്തിക്കുവാനാണ് സ്രഷ്ടാവ് ആവശ്യപ്പെടുന്നത്.

---

يَخْرُجُ مِن بَيْنِ الصُّلْبِ وَالتَّرَائِبِ യഖ്റുജു മിൻബൈനിസ്സുൽബി വത്തറാഇബ്

മുതുകെല്ലിനും നെഞ്ചെല്ലിനുമിടയിൽനിന്ന് അത് പുറത്ത് വരുന്നു.

---

പ്രജനനത്തിന് നിദാനമായ വസ്തു മനുഷ്യന്റെ വാരിയെല്ലിനും മുതുകെല്ലിനും ഇടയിൽനിന്നാണ് ഉത്ഭവിക്കുന്നത്. എല്ലാ മനുഷ്യശരീരത്തിനും ഈ പ്രകൃതി അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ശുക്ലം ഉത്പാദിപ്പിക്കുന്നതിന് സഹായകമായ ഗ്രന്ഥികൾ വാരിയെല്ലിനും മുതുകല്ലിനും സമീപം കിഡ്നിക്കടുത്താണുള്ളത്. അവിടെനിന്നത് വൃഷ്ണങ്ങളിലേക്കിറങ്ങുന്നു. കരീരത്തിന്റെ ഊഷ്മാവാണതിന് കാരണം. എങ്കിലും അതിന്റെ രക്തധമനിയും സ്രവണവും മുതുകെല്ലുമായി ബന്ധപ്പെട്ടിരിക്കുന്നു. 1400 മുമ്പ് ഖുർആൻ പ്രസ്താവിച്ച ഈ പരമാർഥം ആധുനിക ഭ്രൂണശാസ്ത്രം ശരിവെച്ചതായി കാണാം.

---

إِنَّهُ عَلَىٰ رَجْعِهِ لَقَادِرٌ ഇന്നഹു അലാ റജ്ഇഹി ലഖാദിർ

അവൻ (അല്ലാഹു) അവനെ (മനുഷ്യനെ) തിരിച്ചുകൊണ്ടുവരാൻ കഴിവുള്ളവനാകുന്നു.

---

ഒരിക്കൽ ഇല്ലായ്മയിൽനിന്ന് ഒരു തുള്ളി രേതസ്കണം മുഖേന മനുഷ്യനെ സൃഷ്ടിച്ച് പോറ്റി സംരക്ഷിച്ച സ്രഷ്ടാവിന് അവന്റെ മരണശേഷം വീണ്ടും ജീവിപ്പിക്കാൻ സാധിക്കുമെന്നർഥം. മരണശേഷം മനുഷ്യരെ പുനുജീവിക്കുമെന്ന യാഥാർഥ്യത്തെ നിരാകരിക്കുന്നത് ഭീരുത്വമാണ്. പരലോകത്തെയും അവിടത്തെ പുനരുഥാനത്തെയും നിഷേധിക്കുന്നത് യുക്തിസഹമല്ല. അങ്ങനെ വാദിക്കുന്നെങ്കിൽ ഒന്നുമൊഴിയാതെ ഇക്കാണുന്നതെല്ലാം തനിയേ ഉണ്ടായതാണെന്ന് സമർഥിക്കേണ്ടിവരും. സ്വന്തം കഴിവിലുപരിയായുള്ള മനുഷ്യന്റെ ശാരീരികാവശ്യങ്ങൾ ഇത്ര സംതുലിതമായും യുക്തിഭദ്രമായും സമ്പൂർണമായും സ്വമേധയാ സംഭവിക്കുന്നതാണെന്ന് തെളിയിക്കേണ്ടിവരും. അതിന് സാധിക്കാത്തിടത്തോളം കാലം വസ്തുതകളെ സംബന്ധിച്ച ദൈവികവിജ്ഞാപനം അവലംബിക്കുക മാത്രമേ മനുഷ്യന് നിർവാഹമുള്ളു.

---

يَوْمَ تُبْلَى السَّرَائِرُ യൗമ തുബ്ലസ്സറാഇർ

രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം

---

ആ ദിനത്തിന്റെ സവിശേഷതയാണിത്. അതായത് ഇഹലോകത്ത് മനുഷ്യൻ ചെയ്ത രഹസ്യവും പരസ്യവുമായ കർമ്മങ്ങളും അവയുടെ കാരണങ്ങളും അതുമുഖേനയുണ്ടായ പ്രതിഫലനങ്ങളും അതിന്റെ വ്യാപ്തിയും ചിന്തകളും ആലോചനകളും ഗൂഢാലോചനകളും പരിപാടികളും പദ്ധതികളും അതിന് മുന്നോടിയായുണ്ടായിരുന്ന ഉദ്ദേശ്യവും ആഗ്രഹങ്ങളും ലക്ഷ്യങ്ങളും എന്നു തുടങ്ങി ജീവിതം മുഴുവൻ അവിടെ ചോദ്യം ചെയ്യപ്പെടും.

---

فَمَا لَهُ مِن قُوَّةٍ وَلَا نَاصِرٍ ഫമാ ലഹു മിൻ ഖുവ്വതിൻ വലാ നാസിർ

അപ്പോൾ അവന് (മനുഷ്യന്) യാതൊരു ശക്തിയോ സഹായിയോ ഉണ്ടായിരിക്കുന്നതല്ല.

---

അന്ന് മനുഷ്യന് ഈ ലോകത്ത് കൂട്ടുണ്ടായിരുന്ന കുസൃതികളും വക്കാലത്തും ശിപാർശകളും പ്രായശ്ചിത്തവും കള്ളം പറച്ചിലും ഒട്ടും ഉപകാരപ്പെടുകയില്ല. ഒരു തരത്തിലുള്ള സ്വാധീനവും അവിടെ വിലപോവുകയില്ല. ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ആരും ഉണ്ടാവുകയില്ല. വിചാരണയിൽ അൽപം ലഘൂകരണം വാങ്ങിത്തരുവാൻ ആർക്കും സാധിക്കുകയില്ല. തിരിച്ചു ഭൂമിയിലേക്ക് വരുവാൻ സാധിക്കുകയില്ല. അന്ന് ശക്തിയും പ്രതാപവും മുഴുവൻ അല്ലാഹുവിന് മാത്രം. ഭൂമിയിൽ പലതരം സ്വാധീനത്തിന്റെ പേരിൽ മദിച്ചു ജീവിച്ചവർ അവിടെ വിറയാർന്ന്, ഭീതിയോടെയായിരിക്കും നിലകൊള്ളുക. തനിക്കുണ്ടായിരുന്ന എ ഒന്നും അന്നവന് ഉപകരിക്കുകയില്ല.

---

وَالسَّمَاءِ ذَاتِ الرَّجْعِ വസ്സമാഇ ദാതിർറജ്ഇ

ആവർത്തിച്ചു മഴ വർഷിക്കുന്ന ആകാശമാണ് സത്യം

---

മഴ വർഷിക്കുന്ന ആകാശം എന്നാൽ തുടരെ തുടരെ മഴ വർഷിക്കുന്ന എന്നർഥം. മഴക്കാലങ്ങളിൽ ഈ പ്രതിഭാസം ഭൂമിയിലുള്ളവർക്ക് അനുഭവിക്കാനാകുന്നതാണല്ലോ. മഴയുടെ ഈ ആവർത്തനം കൊണ്ടാണ് മടക്കം എന്നർഥത്തിലുള്ള റജ്അ് എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. മഴ ഒരിക്കൽ വർഷിച്ച് ഇല്ലാതാവുകയല്ല ചെയ്യുന്നത്.

---

وَالْأَرْضِ ذَاتِ الصَّدْعِ വൽ അർദി ദാതിസ്സദ്ഇ

സസ്യലതാദികൾ മുളപ്പിക്കുന്ന ഭൂമിയാണ് സത്യം

---

ആകാശത്തുനിന്നും വർഷിക്കുന്നത് ഒരേ സ്വഭാവത്തിലും രീതിയിലുമുള്ള ജലമാണ്. കടലിലെ വെള്ളം ആവശ്യാനുസൃതം നീരാവിയായി ഉയർന്ന് ജലമായി വീണ്ടും മഴയായി വർഷിക്കുന്നു. ഈ ജലത്തിൽനിന്ന് മുളക്കുന്ന സസ്യങ്ങൾ എണ്ണിയാലൊടുങ്ങാത്ത വിധത്തിലുള്ളവയാണ്. ഓരോ നാട്ടിലും പ്രകൃതിയും ചുറ്റുപാടുമനുസരിച്ച് അവയിൽ വൈജാത്യം ഉണ്ടാകാം. ജലം ലഭിക്കുന്നതോടെ ഊഷരമായിരുന്ന ഭൂമി വീണ്ടും കിളിർത്തുവരുന്നു. ഭൂമിക്കടിയിലുണ്ടായിരുന്ന വിത്തുകൾ കിളിർത്ത്, പുതുനാമ്പുകൾ എത്ര ഉറപ്പേറിയ ഭൂപ്രതലത്തെയും പിളർത്തി മുകളിലേക്ക് വരുന്നു. ആ നാമ്പുകളാകട്ടെ, മുട്ടയിൽനിന്ന് പിരിഞ്ഞ കോഴിക്കുഞ്ഞോ അതിനെക്കാൾ ഭാരം കുറഞ്ഞ ജീവിയോ ചവിട്ടിയാൽ ഒടിഞ്ഞുപോകാൻ മാത്രം ദുർബലമായിരിക്കും. എന്നിട്ടും അത് ഉറപ്പേറിയ പ്രതലത്തെ പിളർത്തി പുറത്തു ചാടുന്ന പ്രതിഭാസത്തിനു പിന്നിലെ നിയന്ത്രണശക്തി ഏതാണ്?

---

إِنَّهُ لَقَوْلٌ فَصْلٌ ഇന്നഹു ലഖൗലുൻ ഫസ്ൽ

തീർച്ചയായും ഇത് നിർണായകമായ ഒരു വാക്കാകുന്നു.

وَمَا هُوَ بِالْهَزْلِ വമാ ഹുവ ബിൽഹസ്ൽ

അത് തമാശയല്ല

---

മുകളിൽ പറഞ്ഞ, ആകാശത്തിന്റെ മഴ പെയ്യൽ സ്വഭാവവും ഭൂമിയുടെ സസ്യം മുളക്കുന്ന പ്രകൃതിയും തമാശയായി നടക്കുന്ന കാര്യങ്ങളൊന്നുമല്ല. തികഞ്ഞ യാഥാർഥ്യമാണ്. ഗൗരവമാർന്ന വസ്തുതയാണ്. അവ യാഥാർഥ്യമാണെങ്കിൽ അതിനെക്കാൾ ഗൗരമേറിയതാണ് മനുഷ്യന്റെ മരണവും പുനരുഥാനവും. മൃതമായിരുന്ന ഭൂമിയെ മഴ വർഷിപ്പിച്ച് സസ്യം മുളക്കാൻ മാത്രം സജീവമാക്കുന്നത് ഏതുപോലെയാണോ അതുപോലെ മനുഷ്യനെ അവന്റെ മരണശേഷം ജീവിപ്പിക്കുകയെന്നത് സംഭവിക്കുന്നതും ഗൗരവമേറിയതുമായ കാര്യമാണ്. അത് ദൈവത്തിന്റെ മാറ്റമില്ലാത്ത നിർണയമാണ്. അതാകട്ടെ, തമാശയായി പറഞ്ഞതല്ല. കാരണം, ഈ ലോകവും അതിലെ സൃഷ്ടിജാലങ്ങളും തികച്ചും യുക്തിഭദ്രമായാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. അതിലൂടെ അവന് ചില ലക്ഷ്യങ്ങളുണ്ട്.

---

إِنَّهُمْ يَكِيدُونَ كَيْدًا ഇന്നഹും യകീദൂന കൈദാ

നിശ്ചയം, അവർ തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും

---

ഈ ഖുർആൻ സമർപ്പിക്കുന്ന സന്ദേശത്തെ പരാജയപ്പെടുത്താൻ അവർ പല തന്ത്രങ്ങളും പ്രയോഗിക്കുന്നുണ്ടെന്നർഥം. ആളുകൾ അത് കേൾക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു, അതിനെതിരെ വ്യാജാരോപണങ്ങൾ ഉണ്ടാക്കിപ്പറയുന്നു, ഭർത്സിക്കുന്നു, പലതരത്തിലുമുള്ള സംശയങ്ങളും ജനമനസ്സുകളിൽ ഉണ്ടാക്കുന്നു, വചനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു, അവഹേളനവും അപകീർത്തിയും പ്രചരിപ്പിക്കുന്നു, അതുമായി വന്ന പ്രവാചകനെ അവഹേളിക്കുന്നു, അതിനെതിരെ ആളുകളെ സംഘടിപ്പിക്കുന്നു......... പലതും ചെയ്യുന്നു. പക്ഷേ, അതൊന്നും ഖുർആന്റെ സന്ദേശത്തെ തെല്ലും ഏശുകയില്ലെന്നതാണ് വാസ്തവം.

---

وَأَكِيدُ كَيْدًا വഅകീദു കൈദാ

ഞാനും തന്ത്രം പ്രയോഗിക്കും

---

അവരെ പരാജയപ്പെടുത്തും വിധം ചില തന്ത്രങ്ങൾ ഞാനും ചെയ്യുന്നുണ്ട് എന്നർഥം. അവരുടെ കുതന്ത്രങ്ങൾ ഒരിക്കലും അവർക്ക് ഉപകരിക്കുകയില്ല. അതിനു മുമ്പേ അവരെ നാം പരാജയപ്പെടുത്തിയിട്ടുണ്ടാകും. ഖുർആന്റെ അവതരണ കാലത്തെ ഒട്ടേറെ സംഭവങ്ങൾ ഈ പരാമർശത്തിന് തെളിവാകുന്നു.

---

فَمَهِّلِ الْكَافِرِينَ أَمْهِلْهُمْ رُوَيْدًا ഫമഹ്ഹിലിൽ കാഫിരീന അംഹിൽഹും റുവൈദാ

ആകയാല്‍ (പ്രവാചകരേ), നീ സത്യനിഷേധികള്‍ക്ക് കാലതാമസം നല്‍കുക. അല്‍പ സമയത്തേക്ക് നീ അവര്‍ക്ക് താമസം നല്‍കിയേക്കുക.

---

ദൈവനിഷേധികള്‍ചെയ്യാനുദ്ദേശിക്കുന്നതെന്തെല്ലാമാണോ അത് ചെയ്യുന്നതു വരെ അവര്‍ക്ക് സമയം നല്‍കുക. അവരുടെ കുതന്ത്രം അവര്‍ പ്രയോഗിച്ചുനോക്കട്ടെ. അവര്‍ താമസിയാതെ അതിന്റെ ദുരന്തഫലം അനുഭവിക്കുന്നതും ആര്‍ക്കാണ് കൂടുതല്‍ ശക്തിയെന്ന് ബോധ്യപ്പെടുന്ന തുമാണ്. അതിനാല്‍ അവരുടെ കാര്യത്തില്‍ നീ ധിറുതി കൂട്ടേണ്ടതില്ല എന്ന് സാരം.